ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യു കോമ്പ്ലക്സ്, മൂന്നാംനില
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം

Phone : 0471-2324951
0471-2325071
TeleFAX: 0471-2324951
email: celsgd@gmail.com
website: www.celsgd.com

ഡിബി1/7942/2010/സിഇ/എൽ.എസ്.ജി.ഡി തീയതി
06/10/2017

## സർക്കുലർ

വിഷയം:- തദ്ദേശസ്വയം ഭരണ (സാങ്കേതിക വിഭാഗം) വകുപ്പ് - പൊതുമരാമത്ത് പ്രവൃത്തികൾ-ടെണ്ടർ നടപ്പാക്കിയതു മൂലമുള്ള സാമ്പത്തിക നേട്ടങ്ങൾ-വിശദാംശങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:- ഈ വകുപ്പിലെ 18/09/2017 ലെ സർക്കുലർ നം. ഡിബി3/753/2012/സിഇ/എൽ.എസ്.ജി.ഡി

*********

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2015-2016 സാമ്പത്തിക വർഷം മുതൽ ഇ-ടെണ്ടർ നടപ്പിലാക്കി വരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനും, കൂടാതെ മത്സരാധിഷ്ഠിത ടെണ്ടർ നടക്കുന്നത് മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക ലാഭം ഉണ്ടായിട്ടുള്ളതുമാണ്. സർക്കാർ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്.

അതിനാൽ 2015-2016, 2016-2017 എന്നീ സാമ്പത്തിക വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ/ഇ-ടെണ്ടർ മുഖാന്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുള്ള ടെണ്ടർ സേവിംഗ്സ് ഇതോടൊപ്പം നൽകിയിട്ടുള്ള ഗൂഗിൾ ഷീറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിട്ടുള്ള ടെണ്ടർ രജിസ്റ്ററിൽ നിന്നും ടി വിവരങ്ങൾ ലഭിക്കുന്നതാണ്. അത് ഗൂഗിൾ ഷീറ്റിൽ 20/10/2017 ന് മുമ്പ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

പ്രസ്തുത റിപ്പോർട്ട് ഈ സർക്കുലറിന്റെ കീഴിൽ നൽകിയിട്ടുള്ള ലിങ്ക് മുഖാന്തരമോ, ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.celsgd.com ൽ നൽകിയിട്ടുള്ള പെർഫോർമ പേജിൽ പ്രസിദ്ധീകരിച്ചിട്ടുള്ള Proforma - P1012 Tender Savings ലോ ക്ലിക്ക് ചെയ്ത് ഗൂഗിൾ ഷീറ്റ് പെർഫോർമയിൽ സമർപ്പിക്കേണ്ടതാണ്. കോർപ്പറേഷനുകളിലെ വിവരങ്ങൾ അതാത് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, ജില്ലാ പഞ്ചായത്തിലെ വിവരങ്ങൾ അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളിലെ വിവരങ്ങൾ ബന്ധപ്പെട്ട ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, മുനിസിപ്പാലിറ്റികളിലെ വിവരങ്ങൾ അതാത് മുനിസിപ്പാലിറ്റിയിലെ എഞ്ചിനീയറിംഗ് വിഭാഗം മേധാവികളും ലഭ്യമാക്കേണ്ടതാണ്.

P-1013

കൂടാതെ 2017-2018 സാമ്പത്തിക വർഷത്തിലെ ടെണ്ടർ സേവിംഗ്സ് നിലവിലുള്ള ഗൂഗിൾ ഷീറ്റ് പ്രൊഫോർമ പി 1010 ടെണ്ടർ സേവിംഗ്സിൽ ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)

ചീഫ് എഞ്ചിനീയർ

പകർപ്പ്:
1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, സൗത്ത്/നോർത്ത് സർക്കിൾ
2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾക്കും

എൻ.പി/-

**Link to Proforma P-1012 - Corporation, DPs, BPs & GPs**

**Link to Proforma P-1013 - Municipalities**